# ഭഗവാന്റെ ശ്രീകോവിൽ പുനർനിർമ്മാണം

ഭക്തജനങ്ങളേ,

തഴക്കര ശ്രീസുബ്രഹ്മണ്യ സ്വാമിക്ഷേത്രത്തിലെ ശ്രീകോവിൽ പുനർ നിർമ്മിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്.

വട്ടശ്രീകോവിൽ, ഗർഭഗൃഹം, ഷഡാധാരപ്രതിഷ്ഠ എന്നീ സവിശേഷതകൾ ദേശദേവന്റെ ശ്രീകോവിലിനുണ്ട്.

ക്ഷേത്രത്തിന് ആയിരത്തി ഇരുന്നൂറ്റി അമ്പതുവർഷത്തെ പുരാതനത്ത്വവുമുണ്ട്.

ശ്രീകോവിൽ നവീകരിക്കുന്നതിനായി നിലവിലുള്ള ചട്ടക്കൂടിൽ ചെമ്പുപൊതിയുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഭരണസമിതി ആദ്യം തുടങ്ങിയത്.

എന്നാൽ തന്ത്രിയുടെയും സ്ഥപതിയുടെയും ശില്പികളുടെയും നേതൃത്വത്തിൽ ഇതിനാവശ്യമായ പരിശോധന നടത്തിയപ്പോൾ ശ്രീകോവിലിന്റെ ഉത്തരവും കഴുക്കോലുകളും മറ്റും ജീർണ്ണാവസ്ഥയിലാണെന്നു കണ്ടെത്തി.

നിലവിലുള്ള ചട്ടക്കൂടിൽ ചെമ്പുപൊതിയൽ അസാദ്ധ്യമാണ്.

അങ്ങനെ ചെയ്താൽതന്നെ അത് അല്പായുസ്സാകും.

ഈ വിദഗ്ദ്ധ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ നിലവിലുള്ള ശ്രീകോവിൽ പൊളിച്ചു അളവിലേതും മാറ്റം വരുത്താതെ പുതിയ ശ്രീകോവിൽ നിർമ്മിക്കുക എന്ന വലിയ ദൗത്യം ഭരണസമിതി ഏറ്റെടുത്തിരിക്കുകയാണ്.

നിർമ്മാണത്തിന്റെ നിമിത്തം ജ്യോതിഷവിധിപ്രകാരം നോക്കിയപ്പോഴും ജ്യോതിഷിയും ഇതേ ഉപദേശം തന്നെയാണ് നല്കിയത്.

ആയിരത്തിലേറെ വർഷം പഴക്കമുള്ള ഒരു ക്ഷേത്രത്തിന്റെ ശ്രീകോവിൽ(വട്ട ചട്ടക്കൂടും ഗർഭഗൃഹവുമുള്ള) പുനർനിർമ്മിക്കുക എന്നത്; അതിൽ പങ്കാളിയാവുക എന്നത്; ഒരു ആയുസ്സിൽ കിട്ടാവുന്ന സൗഭാഗ്യവും അതിലേറെ ഒരു ജീവിത സായൂജ്യവുമാണെന്ന് വിശ്വസിക്കുന്നു.

പതിനഞ്ച് തലമുറകൾക്കപ്പുറം പണിത ഒരു ശ്രീകോവിൽ പുതുക്കി പ്പണിയാനുള്ള നിയോഗം നമ്മുടെ തലമുറയ്ക്കു കൈവന്നതും ഈ ജന്മസാഫല്യം കൊണ്ടാണ്.

**തൊണ്ണൂറുലക്ഷത്തിലേറെ രൂപയുടെ ചെലവാണ് ഈ മഹാസംരംഭത്തിന് പ്രതീക്ഷിക്കുന്നത്.**

**ക്ഷേത്രതന്ത്രിമുഖ്യൻ കുഴിക്കാട്ടില്ലത്ത് ബ്രഹ്മശ്രീ. അക്കീരമൺ കാളിദാസൻ ഭട്ടതിരിപ്പാടിന്റെ നിർദ്ദേശാനുസരണമാണ് ശ്രീകോവിൽ പുനർനിർമ്മാണ പ്രക്രിയ നടക്കുന്നത്.**

**ക്ഷേത്രസ്ഥപതിയായ ചന്തിരൂർ ശ്രീ. മോഹനനാചാരിയാണ് മരപ്പണികൾക്കും മറ്റും നായകത്വം വഹിക്കുന്നത്.**

**കൽപ്പണികൾക്ക് ചെങ്ങന്നൂർ ശ്രീ. സദാശിവനാചാരിയും, മാർത്താണ്ഡം ശ്രീ. നടേശനാചാരിയും, ലോഹപ്പണികൾക്ക് മാന്നാർ ശ്രീ. അനന്തനാചാരിയും നേതൃത്വം നൽകുന്നു.**

ദേവന്റെ ശ്രീകോവിലിനുള്ള ഉത്തരത്തിനും കഴുക്കോലിനും പലകയ്ക്കും ആവശ്യമായ തേക്കിൻ തടികൾ തഴക്കരയിലെ ഭക്തജനങ്ങളിൽ നിന്ന് സംഭാവനയായും വില സഹായത്തിനും ലഭിച്ചുകൊണ്ടിരിക്കുന്നു.

അടിയുറച്ചവിശ്വാസമാണ് നമുക്കുരക്ഷ.

ഇപ്പോൾ ബാലാലയത്തിൽ കുടികൊള്ളുന്ന ദേവനെ പുത്തൻ ശ്രീകോവിലിലേക്കു പുനഃപ്രതിഷ്ഠിക്കുവാനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായിതന്നെ നമുക്ക് തീർക്കേണ്ടതായിട്ടുണ്ട്.

ഈ ഭാരിച്ച ഉത്തരവാദിത്തം ഫലപ്രാപ്തിയിലെത്തിക്കുവാൻ അടുത്തും അകലെയുമുള്ള എല്ലാദേശവാസികളുടെയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ കൂടിയേ കഴിയൂ. അതുണ്ടാവണമേ എന്ന് ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്; പ്രാർത്ഥിക്കുകയാണ്.

എല്ലാം ഭഗവദ്പാദങ്ങളിൽ അർപ്പിച്ചുകൊണ്ട്

ശ്രീ സുബ്രഹ്മണ്യ ഹൈന്ദവ സേവാസമിതിയ്ക്കുവേണ്ടി

തഴക്കര
01.08.2018

ഒപ്പ്
സെക്രട്ടറി

സംഭാവനകൾ അയയ്ക്കേണ്ട വിലാസം :
Sree Subrahmanya Haindava Sevasamithy, Thazhakara.
The Dhanalaxmi Bank Ltd, Br: Thazhakara.
A/c No. 011100100016698. IFSC DLXB 0000111

## ക്ഷേത്രഭരണസമിതി

| | | | |
|---|---|---|---|
| ശ്രീ. മുരളീധരൻ തഴക്കര (പ്രസിഡന്റ്) | 9447220197 | **കമ്മറ്റിയംഗങ്ങൾ** | |
| ' ഡി.ജയപ്രകാശ്, (വൈസ്പ്രസിഡന്റ്) | 9747947621 | ശ്രീ. സുരേഷ് കെ. നായർ | 9446917344 |
| ' കെ.എ.ദീപക്, (സെക്രട്ടറി) | 9847418980 | ' ടി. ആർ. രാജേന്ദ്രൻ | 8547042407 |
| ' ആർ. മനോജ് (ജോ.സെക്രട്ടറി) | 9387957537 | ' വി. മോഹനൻ | 9605469249 |
| ' എം.വി.ജനാർദ്ദനൻപിള്ള (ട്രഷറാർ) | 8111861034 | ' കെ. പ്രവീൺകുമാർ | 9995180260 |
| | | ' ആർ.സന്തോഷ്കുമാർ | 9656374797 |
| | | ' മനു മോഹൻ | 9048599975 |